Catholic Focus

# വി. യോഹന്നാന്റെ സുവിശേഷം
## അധ്യായം 13.

1. ഈ ലോകം വിട്ട് പിതാവിന്റെ അടുത്തേക്ക് പോകാനുള്ള സമയമായി എന്ന് യേശു അറിഞ്ഞത് എപ്പോൾ?

2. അത്താഴ സമയത്ത് യേശു പാദം കഴുകുന്നത് തടഞ്ഞത് ആര്?

3. പാദം കഴുകാൻ വിസമ്മതിച്ച പത്രോസിനോട് യേശു പറഞ്ഞത് എന്ത്?

4. നിങ്ങൾ ശുദ്ധിയുള്ളവരാണ് എന്നാൽ എല്ലാവരും അല്ല എന്ന് യേശു പറയാനുള്ള കാരണം?

5. യേശു എന്തിനുവേണ്ടിയാണ് പാദങ്ങൾ കഴുകി മാതൃക കാണിച്ചത്?

6. ആരെ പറ്റി പറയുന്നു എന്നറിയാതെ ശിഷ്യന്മാർ ആകുലചിത്തരായി പരസ്പരം നോക്കിയത് യേശു എന്ത് പറഞ്ഞപ്പോൾ?

7. ആരാണ് ഒറ്റി കൊടുക്കുന്നത് എന്നാണ് യേശു പറഞ്ഞത്?

8. അപ്പക്കഷണം സ്വീകരിച്ചതിനെത്തുടർന്ന് -------- അവനിൽ പ്രവേശിച്ചു.

9. യേശു ശിഷ്യന്മാർക്ക് നൽകിയ പുതിയ കൽപ്പന എന്ത്?

10. യേശുവിനു വേണ്ടി ജീവൻ ത്യജിക്കും എന്ന് പറഞ്ഞ പത്രോസിനോട് യേശു പറഞ്ഞത് എന്ത്?

## Answers

For Catholic News : www.catholicfocus.in

1. പെസഹാ തിരുനാളിനുമുമ്പ്.

2. പത്രോസ്.

3. ഞാൻ നിന്നെ കഴുകുന്നില്ലെങ്കിൽ നിനക്ക് എന്നോടുകൂടെ പങ്കില്ല.

4. തന്നെ ഒറ്റി കൊടുക്കുന്നവൻ ആരാണെന്ന് അവൻ അറിഞ്ഞിരുന്നുതുകൊണ്ട്.

5. നിങ്ങളുടെ കർത്താവും ഗുരുവുമായ ഞാൻ നിങ്ങളുടെ പാദങ്ങൾ കഴുകിയെങ്കിൽ, നിങ്ങളും പരസ്പരം പാദങ്ങൾ കഴുകണം.

6. നിങ്ങളിൽ ഒരുവൻ എന്നെ ഒറ്റി കൊടുക്കും എന്നു പറഞ്ഞപ്പോൾ.

7. അപ്പക്കഷണം മുക്കി ഞാൻ ആർക്കു കൊടുക്കുന്നുവോ അവൻ തന്നെ.

8. സാത്താൻ.

9. നിങ്ങൾ പരസ്പരം സ്നേഹിക്കുവിൻ. ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും പരസ്പരം സ്നേഹിക്കുവിൻ.

10. നീയെന്നെ മൂന്നുപ്രാവശ്യം തള്ളിപ്പറയുന്നതുവരെ കോഴി കൂവുകയില്ല.